# മൂപ്പന്മാരുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും അന്തർദേശീയ പരിശീലനം

മാർച്ച് 2026

പൊതുവിഷയം:

**വചനത്തിന്റെ ശുശ്രൂഷയും ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയും**

ദൂത് ആറ്

## യോഹന്നാന്റെ ശുശ്രൂഷയിൽ ത്രിയേക ദൈവത്തിന്റെ പകർച്ച

RM Hymns : ML45, ML16

തിരുവെഴുത്ത് വായന: യോഹ. 1:1; 14:7-21, 23; 3:34; 16:13-15; 1 യോഹ. 2:27; 3:9; വെളി. 21:9-10; 22:13

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 14:7 നിങ്ങൾ എന്നെ അറിഞ്ഞിരുന്നു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു, അവനെ കണ്ടുമിരിക്കുന്നു.

യോഹ. 14:8 ഫിലിപ്പൊസ് അവനോട്, കർത്താവേ, ഞങ്ങൾക്കു പിതാവിനെ കാണിച്ചുതരേണം, ഞങ്ങൾക്ക് അതു മതി എന്നു പറഞ്ഞു.

യോഹ. 14:9 യേശു അവനോട്, ഇത്രയും ദീർഘകാലം ഞാൻ നിങ്ങളുടെകൂടെ ഉണ്ടായിരുന്നിട്ടും, നീ എന്നെ അറിഞ്ഞില്ലയോ, ഫിലിപ്പൊസേ? എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു; പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം, എന്നു നീ പറയുന്നത് എങ്ങനെ?

യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

യോഹ. 14:11 ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ.

യോഹ. 14:12 സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നിലേക്കു വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കലേക്ക് പോകുന്നതിനാൽ ഇവയിലും വലിയവ അവൻ ചെയ്യും.

യോഹ. 14:13 നിങ്ങൾ എന്റെ നാമത്തിൽ എന്തു ചോദിച്ചാലും, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്, അതു ഞാൻ ചെയ്യും.

യോഹ. 14:14 നിങ്ങൾ എന്റെ നാമത്തിൽ എന്നോട് എന്തെങ്കിലും ചോദിച്ചാൽ, അതു ഞാൻ ചെയ്യും.

യോഹ. 14:15 നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, എന്റെ കൽപനകൾ കാത്തുകൊള്ളും.

യോഹ. 14:16 ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും,

യോഹ. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

യോഹ. 14:18 ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു.

യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

യോഹ. 14:21 എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

യോഹ. 3:34 എന്തെന്നാൽ ദൈവം അയച്ചവൻ ദൈവത്തിന്റെ വചനങ്ങൾ സംസാരിക്കുന്നു, അവൻ അളവില്ലാതെയത്രേ ആത്മാവിനെ നൽകുന്നത്.

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

യോഹ. 16:14 എന്തെന്നാൽ അവൻ എന്റേതായതിൽനിന്ന് സ്വീകരിക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്നതുകൊണ്ട് അവൻ എന്നെ മഹത്വപ്പെടുത്തും.

യോഹ. 16:15 പിതാവിനുള്ളതെല്ലാം എന്റേതാകുന്നു; ഇക്കാരണത്താലാകുന്നു, അവൻ എന്റേതായതിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും എന്നു പറഞ്ഞത്.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1 യോഹ. 3:9 ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും, അവന്റെ വിത്ത് അവനിൽ വസിക്കുന്നതുകൊണ്ട്, പാപം അഭ്യസിക്കുന്നില്ല; അവൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് പാപം ചെയ്യുവാൻ കഴിയുന്നതുമില്ല.

വെളി. 21:9 ഒടുക്കത്തെ ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, ഇവിടെ വരിക; കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 22:13 ഞാൻ അൽഫയും ഓമേഗയും, ഒന്നാമത്തവനും ഒടുക്കത്തവനും, ആദിയും അന്തവും ആകുന്നു.

**I. യോഹന്നാന്റെ എഴുത്തുകളുടെ വിഷയം മുഴുവൻ പ്രപഞ്ചത്തിന്റെയും യാഥാർഥ്യവും, കേന്ദ്രവും, ഉള്ളടക്കവുമാണ്, അത് ത്രിയേക ദൈവത്തെ പൂർണമായും നിത്യതയോളവും ആവിഷ്കരിക്കുവാൻ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ദിവ്യരാക്കുവാൻ അവരുടെ ജീവനും ജീവസഹായവുമായി അവനെത്തന്നെ അവരിലേക്ക് പകരുവാൻ അവൻ ആഗ്രഹിക്കുന്നു എന്നാണ്; നമ്മുടെ യാഥാർഥ്യവും, കേന്ദ്രവും, ഉള്ളടക്കവും ഇതായിരിക്കണം.**

**II. യോഹന്നാന്റെ എഴുത്തുകൾ ദിവ്യ നീക്കത്തിലും നമ്മുടെ അനുഭവത്തിലും ദിവ്യ ത്രിത്ത്വം അവനെത്തന്നെ നമ്മിലേക്ക് പകരുന്നതിനെ അനാവരണം ചെയ്യുന്നു:**

A. യോഹന്നാൻ 14:6 പറയുന്നു, "വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല"; നമ്മുടെ ലക്ഷ്യമായ പിതാവിൽ എത്തിച്ചേരണമെങ്കിൽ, വഴിയായ പുത്രനിലൂടെ നാം അവനിൽ എത്തിച്ചേരണം.

B. 7 മുതൽ 14 വരെയുള്ള വാക്യങ്ങൾ പുത്രനിൽ ദേഹരൂപമായ പിതാവ് വിശ്വാസികളുടെ ഇടയിൽ കാണപ്പെടുന്നതായി കാണിക്കുന്നു—വിശ്വാസികളുടെ ഇടയിൽ പുത്രൻ പിതാവിന്റെ ദേഹരൂപമാകുന്നു; ഈ വാക്യങ്ങളിൽ കർത്താവ് പിതാവിലും പിതാവ് അവനിലും ആണെന്ന് അവൻ നമുക്ക് കാണിച്ചുതന്നു; പുത്രനും പിതാവും ഒന്നാണ്; അവർ അന്യോന്യം ഉൾവസിക്കുന്നു.

| | |
|---|---|
| യോഹ. 14:7 | നിങ്ങൾ എന്നെ അറിഞ്ഞിരുന്നു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു, അവനെ കണ്ടുമിരിക്കുന്നു. |
| യോഹ. 14:8 | ഫിലിപ്പൊസ് അവനോട്, കർത്താവേ, ഞങ്ങൾക്കു പിതാവിനെ കാണിച്ചുതരേണം, ഞങ്ങൾക്ക് അതു മതി എന്നു പറഞ്ഞു. |
| യോഹ. 14:9 | യേശു അവനോട്, ഇത്രയും ദീർഘകാലം ഞാൻ നിങ്ങളുടെകൂടെ ഉണ്ടായിരുന്നിട്ടും, നീ എന്നെ അറിഞ്ഞില്ലയോ, ഫിലിപ്പൊസേ? എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു; പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം, എന്നു നീ പറയുന്നത് എങ്ങനെ? |
| യോഹ. 14:10 | ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ. |
| യോഹ. 14:11 | ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ. |
| യോഹ. 14:12 | സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നിലേക്കു വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കലേക്ക് പോകുന്നതിനാൽ ഇവയിലും വലിയവ അവൻ ചെയ്യും. |
| യോഹ. 14:13 | നിങ്ങൾ എന്റെ നാമത്തിൽ എന്തു ചോദിച്ചാലും, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്, അതു ഞാൻ ചെയ്യും. |

| | |
|---|---|
| യോഹ. 14:14 | നിങ്ങൾ എന്റെ നാമത്തിൽ എന്നോട് എന്തെങ്കിലും ചോദിച്ചാൽ, അതു ഞാൻ ചെയ്യും. |

C. 15 മുതൽ 20 വരെയുള്ള വാക്യങ്ങൾ പുത്രൻ ആത്മാവായി സാക്ഷാൽക്കരിക്കപ്പെട്ട് വിശ്വാസികളിൽ വസിക്കുന്നതായി നമ്മെ കാണിക്കുന്നു—വിശ്വാസികളിൽ വാസം ചെയ്യുന്ന പുത്രന്റെ സാക്ഷാൽക്കാരമാണ് ആത്മാവ്.

| | |
|---|---|
| യോഹ. 14:15 | നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, എന്റെ കൽപനകൾ കാത്തുകൊള്ളും. |
| യോഹ. 14:16 | ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും, |
| യോഹ. 14:17 | യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു. |
| യോഹ. 14:18 | ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു. |
| യോഹ. 14:19 | ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും. |
| യോഹ. 14:20 | ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും. |

D. പിതാവ് ലക്ഷ്യമായും, പുത്രൻ ദേഹരൂപമായും, ആത്മാവ് സാക്ഷാൽക്കാരമായും പാത്രമായ നമ്മിൽ ഉണ്ട്; ലക്ഷ്യവും ദേഹരൂപവും സാക്ഷാൽക്കാരവും മൺപാത്രങ്ങളായ നമ്മിലെ ശ്രേഷ്ഠമായ നിധിയാണ്—2 കൊരി. 4:7.

| | |
|---|---|
| 2 കൊരി. 4:7 | എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്. |

E. യോഹന്നാൻ 14:21-ഉം, 23-ഉം തന്നെ സ്നേഹിക്കുന്നവന് പുത്രൻ അവനെത്തന്നെ വെളിവാക്കുകയും പുത്രനെ സ്നേഹിക്കുന്നവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുവാൻ പിതാവ് പുത്രനോടൊപ്പം വരുകയും ചെയ്യുന്നത് കാണിക്കുന്നു:

| | |
|---|---|
| യോഹ. 14:21 | എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും. |
| യോഹ. 14:23 | യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും. |

1. ലക്ഷ്യമായ പിതാവ് ദേഹരൂപമായ യേശുവിലാണ്, ഈ ദേഹരൂപം അവന്റെ സാക്ഷാൽക്കാരമായ ആത്മാവിലാണ്, ഈ സാക്ഷാൽക്കാരം ഇപ്പോൾ നമ്മിലെല്ലാവരിലും വസിക്കുന്ന സാക്ഷാൽ ആത്മാവാണ്; എന്നാൽ നമ്മോടുള്ള കർത്താവായ യേശുവിന്റെ പ്രത്യക്ഷത അനുദിനവും മണിക്കൂറുതോറും നാം ആസ്വദിക്കുന്നുണ്ടോ എന്ന് നാം ചോദിക്കേണ്ടതുണ്ട്.
2. നമ്മോടുള്ള കർത്താവിന്റെ പ്രത്യക്ഷത നമുക്ക് നഷ്ടമായേക്കാം, എന്നാൽ നമ്മുടെ ഉള്ളിലുള്ള ആത്മാവിന്റെ വാസംചെയ്യൽ നാം നഷ്ടമാക്കി എന്ന് ഇത് അർഥമാക്കുന്നില്ല; ആത്മാവ് എപ്പോഴും വിശ്വാസികളിൽ വാസംചെയ്യുന്നു.
3. തങ്ങളുടെ രക്ഷ നഷ്ടപ്പെടുമെന്ന് വിശ്വസിക്കുന്നവർ യഥാർഥത്തിൽ ഒരു "ലിഫ്റ്റ് രക്ഷ"യിൽ വിശ്വസിക്കുന്നു; ലിഫ്റ്റ് മുകളിലാണെങ്കിൽ അവർ രക്ഷിക്കപ്പെട്ടവരാണ്; അത് താഴെയാണെങ്കിൽ അവർ രക്ഷിക്കപ്പെടാത്തവരാണ്.
4. നമ്മുടെ രക്ഷ ഒരു ലിഫ്റ്റല്ല, മറിച്ച് ഒരു "പടിക്കെട്ടാണ്", അതിൽനിന്ന് നമ്മെ ഒരിക്കലും നീക്കംചെയ്യുവാൻ കഴിയില്ല; നമ്മൾ ഈ പടിക്കെട്ടിലാണെങ്കിലും, പടിക്കെട്ടിന്റെ മുകൾ ഭാഗത്തിന്റെ അനുഗ്രഹം ആസ്വദിക്കാൻ നാം ആഗ്രഹിക്കുന്നു.
5. നാം "ബേസ്മെന്റിൽ" അല്ല, "മുകളിലത്തെ നിലയിൽ" ആയിരിക്കണം; അതുകൊണ്ടാണ് നമ്മൾ കർത്താവായ യേശുവിനെ സ്നേഹിക്കുകയും "കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് പറയുകയും ചെയ്യേണ്ടത്; നമ്മൾ അവനെ സ്നേഹിക്കുമ്പോൾ, നമ്മൾ മുകളിലത്തെ നിലയിലേക്ക് കൊണ്ടുവരപ്പെടുന്നു, അങ്ങനെ നാം സ്വർഗത്തിലുള്ളതെല്ലാം കാണുന്നു—1 കൊരി. 2:9-10; കൊലൊ. 3:1-2.

| | |
|---|---|
| 1 കൊരി. 2:9 | “ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ. |
| 1 കൊരി. 2:10 | എന്നാൽ ദൈവം അവ നമുക്ക് ആത്മാവ് മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകല കാര്യങ്ങളെയും, ദൈവത്തിന്റെ ആഴങ്ങളെപ്പോലും തിരയുന്നു. |
| കൊലൊ. 3:1 | ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ. |
| കൊലൊ. 3:2 | ഭൂമിയിലുള്ള കാര്യങ്ങളിലല്ല, ഉയരത്തിലുള്ള കാര്യങ്ങളിൽ മനസ്സുറപ്പിക്കുവിൻ. |

6. നാം അവനെ സ്നേഹിക്കുമ്പോൾ, അവന്റെ ആത്മാവ് നമ്മിൽ വസിക്കുക മാത്രമല്ല, അവൻ തന്നെത്തന്നെ നമുക്ക്

വെളിപ്പെടുത്തുകയും ചെയ്യും; ഇതിനർഥം നമ്മുടെ കൂട്ടായ്മയിൽ നാം സ്നേഹിക്കുന്നവന്റെ സാന്നിധ്യം നമുക്കുണ്ടെന്നാണ്.

7. നമ്മൾ യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ, യേശു നമ്മെ സ്നേഹിക്കുന്നു, പിതാവും നമ്മെ സ്നേഹിക്കുന്നു; പുത്രൻ നമുക്ക് അവനെത്തന്നെ വെളിവാക്കുമ്പോൾ, പിതാവ് അവനോടൊപ്പം നമ്മോടുകൂടെ വാസസ്ഥലം ഉണ്ടാക്കുവാൻ, നമ്മോടുകൂടെ വസിക്കുവാൻ വരുന്നു—യോഹ. 14:21, 23.

| | |
|---|---|
| യോഹ. 14:21 | എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും. |
| യോഹ. 14:23 | യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും. |

8. പിതാവും പുത്രനും നമ്മോടുകൂടെ ഒരു വാസസ്ഥലം ഉണ്ടാക്കേണ്ടതിന്, നമ്മോടുള്ള പുത്രന്റെ പ്രത്യക്ഷതയിലേക്ക് നാം അത്യധികമായി കൊണ്ടുവരപ്പെടേണ്ടതുണ്ട്; കർത്താവിനെ സ്നേഹിച്ചുകൊണ്ട് നാം അവന്റെ രക്ഷയുടെ പടിക്കെട്ടിന്റെ മുകളിലേക്ക് പോകേണ്ടതുണ്ട്.

9. അപ്പോൾ അവൻ അവനെത്തന്നെ നമുക്ക് വെളിപ്പെടുത്തുകയും, പിതാവും പുത്രനും നമ്മുടെ ആസ്വാദനത്തിനായി നമ്മോടുകൂടെ അവരുടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

F. യോഹന്നാൻ 16:13-15-ൽ വിശ്വാസികളിലേക്കുള്ള ദിവ്യ ത്രിത്വത്തിന്റെ ദിവ്യ പ്രസരണത്തെ വെളിപ്പെടുത്തിയിരിക്കുന്നു:

| | |
|---|---|
| യോഹ. 16:13 | എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും. |
| യോഹ. 16:14 | എന്തെന്നാൽ അവൻ എന്റേതായതിൽനിന്ന് സ്വീകരിക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്നതുകൊണ്ട് അവൻ എന്നെ മഹത്വപ്പെടുത്തും. |
| യോഹ. 16:15 | പിതാവിനുള്ളതെല്ലാം എന്റേതാകുന്നു; ഇക്കാരണത്താലാകുന്നു, അവൻ എന്റേതായതിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും എന്നു പറഞ്ഞത്. |

1. ഈ പ്രസരണം വൈദ്യുത പ്രവാഹത്തിന്റെ പ്രസരണം പോലെയാണ്; വൈദ്യുതി ഓണാക്കുമ്പോൾ, ഒരു വൈദ്യുതി പ്രവാഹം, വൈദ്യുതിയുടെ ഒരു ചലനം ഉണ്ടാകുന്നു, ആ ചലനമാണ് പ്രസരണം—പ്ര.നി. റോമ. 8:2; 1 തെസ്സ. 5:16-20.

| | |
|---|---|
| റോമ. 8:2 | എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ |

പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

1 തെസ്സ. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 തെസ്സ. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.

1 തെസ്സ. 5:19 ആത്മാവിനെ കെടുത്തരുത്;

1 തെസ്സ. 5:20 പ്രവചനങ്ങളെ തുച്ഛീകരിക്കരുത്,

2. ഒന്നാമതായി, പിതാവിനുള്ളതെല്ലാം പുത്രന്റേതാകുന്നു—യോഹ. 16:15.

   യോഹ. 16:15a പിതാവിനുള്ളതെല്ലാം എന്റേതാകുന്നു;...

3. രണ്ടാമതായി, പുത്രനുള്ളതെല്ലാം ആത്മാവ് സ്വീകരിക്കുന്നു—വാ. 14.

   യോഹ. 16:14a എന്തെന്നാൽ അവൻ എന്റേതായതിൽനിന്ന് സ്വീകരിക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്നതുകൊണ്ട്...

4. മൂന്നാമതായി, പുത്രനിൽനിന്ന് ആത്മാവിന് ലഭിച്ചതെല്ലാം വിശ്വാസികളോട് പ്രഖ്യാപിക്കുന്നു—വാ. 13, 15.

   യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

   യോഹ. 16:15b ...ഇക്കാരണത്താലാകുന്നു, അവൻ എന്റേതായതിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും എന്നു പറഞ്ഞത്.

5. ഒടുവിൽ, ദിവ്യ ത്രിത്ത്വം അവനായിരിക്കുന്നതും അവനുള്ളതും എല്ലാം നമ്മുടേതാകുന്നു; *ഗീതം* #501-ന്റെ മൂന്നാം ചരണം ഈ പ്രസരണത്തെക്കുറിച്ച് സംസാരിക്കുന്നു:
   a. "താതന്റേതെല്ലാം നിന്റേതാം;/ ആത്മാവിൽ അതെൻ വകയാം;/ നിന്നെ ഞാനനുഭവിക്കാൻ,/ യഥാർഥമാക്കുന്നാത്മാവ്."
   b. ഈ പ്രസരണം പിതാവിൽനിന്ന് പുത്രനിലേക്കും, പുത്രനിൽനിന്ന് ആത്മാവിലേക്കും, ആത്മാവിൽനിന്ന് നമ്മിലേക്കും ആകുന്നു; ഇത് നമ്മുടെ അനുഭവത്തിനായുള്ള ദിവ്യ ത്രിത്വത്തിന്റെ നീക്കമാണ്.

III. **നമ്മുടെ ത്രിഭാഗീയ ആളത്തത്തിലേക്ക് ജീവനായി ത്രിയേക ദൈവത്തെ** പകരുന്ന**തി**നുവേണ്ടി **യോഹന്നാനാൽ ശുശ്രൂഷിക്കപ്പെട്ട ക്രിസ്തുവിനെ നാം കാണേണ്ടതുണ്ട്:**

A. ആദിയിലുള്ള ദൈവമെന്ന നിലയിൽ യോഹന്നാൻ ക്രിസ്തുവിനെ ശുശ്രൂഷിച്ചു; ഈ ദൈവം ജീവന്റെ സാക്ഷാൽ ഉറവിടവും ജീവജലനദിയായി ഒഴുകുന്ന നിത്യജീവനുമാണ്—യോഹ. 1:1; 3:36; 5:26; വെളി. 22:1.

   യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ

ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 3:36 പുത്രനിലേക്കു വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; എന്നാൽ പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെ മേൽ വസിക്കുകയത്രേ ചെയ്യുന്നത്.

യോഹ. 5:26 പിതാവിനു തന്നിൽത്തന്നെ ജീവൻ ഉള്ളതുപോലെ, പുത്രനും തന്നിൽത്തന്നെ ജീവൻ ഉണ്ടായിരിക്കുവാൻ നൽകിയിരിക്കുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

B. യോഹന്നാനെ സംബന്ധിച്ചിടത്തോളം, ക്രിസ്തു ദൈവത്തെ നിർവചിക്കുകയും വിശദീകരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന നിത്യനായ ലോഗോസ് ആണ്—യോഹ. 1:1; 1 യോഹ. 1:1; വെളി. 19:13.

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

1 യോഹ. 1:1 ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്,

വെളി. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

C. ക്രിസ്തു ദൈവത്തിന്റെ ഏകജാതനായ പുത്രനാണ്, അവൻ വചനത്താലും, ജീവനാലും, വെളിച്ചത്താലും, കൃപയാലും, യാഥാർഥ്യത്താലും ദൈവത്തെ പ്രഖ്യാപിച്ചു—യോഹ. 1:18; 3:16; 1:34; 20:31.

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

യോഹ. 1:34 ഇവൻ ദൈവത്തിന്റെ പുത്രനാകുന്നു എന്ന് ഞാൻ കാണുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

യോഹ. 20:31 എന്നാൽ യേശു, ദൈവത്തിന്റെ പുത്രനായ ക്രിസ്തു, എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും, വിശ്വസിച്ചുകൊണ്ട്, അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിനും ഇവ എഴുതിയിരിക്കുന്നു.

D. ക്രിസ്തു നിത്യജീവൻ, ദൈവത്തിന്റെ ദിവ്യവും സൃഷ്ടിക്കപ്പെടാത്തതുമായ ജീവൻ ആണ്, അവൻ സമയത്തിൽ ശാശ്വതൻ മാത്രമല്ല, തന്റെ നിത്യ പകർച്ചയ്ക്കുവേണ്ടി പ്രകൃതത്തിൽ നിത്യനും ദിവ്യനും കൂടിയാണ്—1 യോഹ. 1:2; യോഹ. 11:25; 14:6.

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും

അറിയിക്കുകയും ചെയ്യുന്നു);

| | |
|---|---|
| യോഹ. 11:25 | യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും; |
| യോഹ. 14:6 | യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല. |

E. ക്രിസ്തു ആത്മാവിന്റെ ദാതാവാണ്, അവൻ നമ്മിലേക്ക് എത്തിച്ചേരുന്ന ത്രിയേക ദൈവമാണ്; ത്രിയേക ദൈവം നമ്മിലേക്ക് എത്തിച്ചേരുമ്പോൾ, ദൈവം അവനെത്തന്നെ നമ്മിലേക്ക് പകരുന്നു—3:34.

| | |
|---|---|
| യോഹ. 3:34 | എന്തെന്നാൽ ദൈവം അയച്ചവൻ ദൈവത്തിന്റെ വചനങ്ങൾ സംസാരിക്കുന്നു, അവൻ അളവില്ലാതെയത്രേ ആത്മാവിനെ നൽകുന്നത്. |

F. നമ്മുടെ ക്രിസ്തു മനുഷ്യപ്രകൃതത്തോടുകൂടിയ മനുഷ്യപുത്രനാണ് (1:51; വെളി. 1:13); ദൈവം നമ്മിലേക്ക് പകരപ്പെടേണ്ടതിന്, നമ്മുടെ പാപം നീക്കി നമുക്കും ദൈവത്തിനും ഇടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവൻ മനുഷ്യപുത്രനാണ്.

| | |
|---|---|
| യോഹ. 1:51 | അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു. |
| വെളി. 1:13 | നിലവിളക്കുകളുടെ മധ്യേ, പാദം വരെ നീളമുള്ള അങ്കി ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും, മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു. |

G. യോഹന്നാൻ ക്രിസ്തുവിനെ ദൈവത്തിന്റെ കുഞ്ഞാടായി ശുശ്രൂഷിച്ചു (യോഹന്നാൻ 1:29; വെളി. 5:6; 7:14, 17; 13:8; 22:1); വീണ്ടെടുക്കുന്ന കുഞ്ഞാട് ദൈവത്തെ ജീവനായി മനുഷ്യനിലേക്ക് പകരുന്നതിനുവേണ്ടിയാണ് (പ്ര.നി. പുറ. 12:8-11).

| | |
|---|---|
| യോഹ. 1:29 | പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്! |
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്. |
| വെളി. 7:14 | ഞാൻ അവനോട് പറഞ്ഞു, എന്റെ യജമാനനേ, നീ അറിയുന്നുവല്ലോ. അവൻ എന്നോട്, ഇവർ മഹോപദ്രവത്തിൽനിന്നു വരുന്നവരാകുന്നു, അവർ തങ്ങളുടെ അങ്കികൾ കഴുകുകയും കുഞ്ഞാടിന്റെ രക്തത്തിൽ അവയെ വെളുപ്പിക്കുകയും ചെയ്തിരിക്കുന്നു. |
| വെളി. 7:17 | എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും; ദൈവമോ അവരുടെ |

കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും.

വെളി. 13:8 ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതിയിട്ടില്ലാത്ത എല്ലാ ഭൂവാസികളും അവനെ ആരാധിക്കും.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

പുറ. 12:8 അന്നു രാത്രി അവർ തീയിൽ ചുട്ടതായ ആ മാംസവും പുളിപ്പില്ലാത്ത അപ്പവും തിന്നേണം; കൈപ്പുചീരയോടുകൂടെ അതു തിന്നേണം.

പുറ. 12:9 തലയും കാലും അന്തർഭാഗങ്ങളുമായി തീയിൽ ചുട്ടിട്ടല്ലാതെ പച്ചയായിട്ടോ വെള്ളത്തിൽ പുഴുങ്ങിയതായിട്ടോ തിന്നരുതു.

പുറ. 12:10 പിറ്റെന്നാൾ കാലത്തേക്കു അതിൽ ഒട്ടും ശേഷിപ്പിക്കരുതു; പിറ്റെന്നാൾ കാലത്തേക്കു ശേഷിക്കുന്നതു നിങ്ങൾ തീയിലിട്ടു ചുട്ടുകളയേണം.

പുറ. 12:11 അര കെട്ടിയും കാലിന്നു ചെരിപ്പിട്ടും കയ്യിൽ വടി പിടിച്ചുംകൊണ്ടു നിങ്ങൾ തിന്നേണം; തിടുക്കത്തോടെ നിങ്ങൾ തിന്നേണം; അതു യഹോവയുടെ പെസഹ ആകുന്നു.

H. കുഞ്ഞാടെന്ന നിലയിൽ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുള്ള അനുനയമാണ് (1 യോഹ. 2:2); കർത്താവായ യേശു ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള യാഗമായി തന്നെത്തന്നെ ദൈവത്തിന് അർപ്പിച്ചു (എബ്രാ. 9:28), വീണ്ടെടുപ്പിനു വേണ്ടി മാത്രമല്ല, ദൈവത്തിന്റെ ആവശ്യകത നിറവേറ്റുന്നതിനുവേണ്ടിയും ആകുന്നു, അങ്ങനെ നമ്മളും ദൈവവും തമ്മിലുള്ള ബന്ധത്തെ പ്രീണിപ്പെടുത്തി; അതിനാൽ, അവൻ ദൈവമുമ്പാകെ നമ്മുടെ അനുനയത്തിനുള്ള യാഗമാണ്.

1 യോഹ. 2:2 അവൻതന്നെ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള അനുനയം ആകുന്നു, നമ്മുടേതിനു മാത്രമല്ല സർവലോകത്തിലുള്ളവരുടേതിനുമത്രേ.

എബ്രാ. 9:28 ക്രിസ്തുവും, അനേകരുടെ പാപങ്ങൾ വഹിക്കുവാൻ ഒരിക്കൽ അർപ്പിക്കപ്പെട്ട ശേഷം, അവനെ പ്രതീക്ഷയോടെ കാത്തിരിക്കുന്നവർക്കു, രക്ഷയിങ്കലേക്ക്, പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും.

I. ക്രിസ്തു പിതാവിന്റെ അടുക്കൽ നമ്മുടെ കാര്യസ്ഥനാണ് (1 യോഹ. 2:1); *കാര്യസ്ഥൻ* എന്നതിനുള്ള യവന പദം മറ്റൊരുവനെ സഹായിക്കുവാൻ അവന്റെ അടുക്കലേക്ക് വിളിക്കപ്പെട്ട ഒരുവനെ സൂചിപ്പിക്കുന്നു; അതിനാൽ, ഒരു സഹായി; അതോടൊപ്പം അത് നിയമപരമായ സഹായം നൽകുന്ന ഒരുവനെയോ മറ്റൊരുവനു വേണ്ടി പക്ഷവാദം ചെയ്യുന്ന ഒരുവനനെയോ സൂചിപ്പിക്കുന്നു; തന്മൂലം, ഒരു കാര്യസ്ഥൻ, ഉപദേഷ്ടാവ് അഥവാ പക്ഷവാദം ചെയ്യുന്നവൻ:

1 യോഹ. 2:1 എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ നിങ്ങൾക്ക് എഴുതുന്നു. ഒരുവൻ പാപം ചെയ്യുന്നുവെങ്കിലോ, നീതിമാനായ യേശു ക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കലുണ്ട്;

1. വെളിപ്പാട് 12:10-11 അനുസരിച്ച്, സാത്താൻ രാവും പകലും ദൈവമക്കളെ കുറ്റം ചുമത്തുന്നു, എന്നാൽ അവർക്ക് കുഞ്ഞാടിന്റെ രക്തം ഹേതുവായി അവനെ ജയിക്കുവാൻ കഴിയും.

   വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

   വെളി. 12:11 അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

2. സാത്താൻ നമ്മെ വെടിപ്പില്ലാത്തവരും അശുദ്ധരും അനീതിയുള്ളവരുമായി കുറ്റപ്പെടുത്തും, എന്നാൽ പിതാവായ ദൈവം പറയും, "സാത്താനേ, നീതിമാനായ യേശു ക്രിസ്തുവിനെ നോക്കൂ; എന്റെ മക്കൾക്ക് ഒരു നല്ല അഭിഭാഷകനുണ്ട്."
3. നമ്മൾ സാത്താനോട്, "മിണ്ടാതിരിക്കൂ! ഒന്നും പറയരുത്!" എന്ന് പറയണം, തുടർന്ന് "കുഞ്ഞാടിന് ഹല്ലേലൂയ്യാ! രക്തത്തിന് ഹല്ലേലൂയ്യാ!" എന്ന് പറഞ്ഞുകൊണ്ട് കുഞ്ഞാടിനെ സ്തുതിക്കണം.
4. നാം "ഹല്ലേലൂയ്യാ" എന്ന് ആർക്കുമ്പോൾ, ജീവൻ നമ്മിലേക്ക് ഒരിക്കൽകൂടി പകരപ്പെടുന്നു; നമ്മുടെ അഭിഭാഷകനായ ക്രിസ്തു നമ്മുടെ വ്യവഹാരം കൈകാര്യം ചെയ്യുന്നു, അങ്ങനെ ജീവപകർച്ച തുടർമാനമായി മുന്നോട്ടുപോകുന്നു.

J. നമ്മുടെ ക്രിസ്തു അൽഫയും ഒമേഗയും ആണ് (22:13); യവന അക്ഷരമാലയിൽ ക്രിസ്തു ഒന്നാമത്തെ അക്ഷരമായ അൽഫയും, അവസാനത്തെ അക്ഷരമായ ഒമേഗയും, ജീവന്റെ അറുതിവരുത്തുവാൻ കഴിയാത്ത പകർച്ചയ്ക്കുവേണ്ടി അതിനിടയിലുള്ള എല്ലാ അക്ഷരങ്ങളും ആകുന്നു.

   വെളി. 22:13 ഞാൻ അൽഫയും ഓമേഗയും, ... ആകുന്നു.

K. ക്രിസ്തു ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു (2:8; 22:13), അവൻ എന്നേക്കും നിലനിൽക്കുന്നവനും, അനന്യനും ആകുന്നു:

   വെളി. 2:8 സ്മുർന്നയിലുള്ള സഭയുടെ ദൂതന് എഴുതുക: മരിച്ചവനായിത്തീർന്നിട്ട് വീണ്ടും ജീവിച്ച, ഒന്നാമത്തവനും ഒടുക്കത്തവനുമായവൻ അരുളിച്ചെയ്യുന്നു:

   വെളി. 22:13 ...ഒന്നാമത്തവനും ഒടുക്കത്തവനും,... ആകുന്നു. ...

1. ഉപദ്രവത്തിന്റെ പരിതഃസ്ഥിതി എന്തുതന്നെയാണെങ്കിലും, കർത്താവ് മാറ്റമില്ലാത്തവനായി തുടരുന്നു; അവന് മുമ്പേ ആയിരിക്കുവാൻ യാതൊന്നിനും കഴിയുകയില്ല, അവന് ശേഷം നിലനിൽക്കുവാൻ യാതൊന്നിനും കഴിയുകയില്ല.

2. എല്ലാ കാര്യങ്ങളും അവന്റെ നിയന്ത്രണത്തിന്റെ പരിധിക്കുള്ളിലാണ്; ക്രിസ്തു എല്ലാ കാര്യങ്ങളെയും എല്ലാ സ്ഥാനവും കൈവശമാക്കിയിരിക്കുന്നു.

L. ക്രിസ്തു ആദിയും അന്തവുമാണ് (വാ. 13); ആദി എന്നത് അവൻ സകല കാര്യങ്ങളുടെയും ഉത്ഭവമാണെന്ന് സൂചിപ്പിക്കുന്നു, അന്തം എന്നത് അവൻ സകല കാര്യങ്ങളുടെയും പരിണതിയാണെന്ന് സൂചിപ്പിക്കുന്നു; അതിനാൽ, കർത്താവായ യേശുവിന് മുമ്പോ ശേഷമോ ഒന്നുമില്ലെന്ന് മാത്രമല്ല, അവനെകൂടാതെ ഉത്ഭവമോ പരിണതിയോ ഇല്ലെന്നുമാണ് ഇവിടുത്തെ സൂചന (പ്ര.നി. റോമ. 11:36).

| | |
|---|---|
| വെളി. 22:13 | ഞാൻ,... ആദിയും അന്തവും ആകുന്നു. |
| റോമ. 11:36 | സകലവും അവനിൽനിന്നും അവനിലൂടെയും അവനിലേക്കും ആകുന്നുവല്ലോ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.. |

M. ക്രിസ്തു ദൈവത്തിന്റെ സൃഷ്ടിയുടെ ആരംഭമാണ് (വെളി. 3:14); ദൈവത്തെ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലേക്ക് പകരുക എന്ന ഉദ്ദേശ്യത്തിനായി ദൈവത്തിന്റെ വേലയുടെ മാറ്റമില്ലാത്തതും എന്നേക്കും നിലനിൽക്കുന്നതുമായ ഉറവിടമാണ് കർത്താവെന്ന് വിവക്ഷിച്ചുകൊണ്ട് കർത്താവിനെ ദൈവത്തിന്റെ സൃഷ്ടിയുടെ ഉത്ഭവം അഥവാ ഉറവിടമായി ഇത് സൂചിപ്പിക്കുന്നു; കർത്താവിനെ ഉറവിടമായി ഉപേക്ഷിച്ചുകൊണ്ട് ലവൊദിക്യയിലുള്ള അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് മാറ്റം വന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു (യിരെ. 2:13).

| | |
|---|---|
| വെളി. 3:14b | ...ദൈവസൃഷ്ടിയുടെ ആരംഭമായ, വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ, ആമേൻ അരുളിച്ചെയ്യുന്നു: |
| യിരെ. 2:13 | എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു.. |

N. ക്രിസ്തു ജീവനുള്ളവനാണ്; വെളിപ്പാട് 1:17-18-ൽ ക്രിസ്തു പറഞ്ഞു, "ഞാൻ... ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ എന്നെന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്"; ക്രിസ്തു ജീവൻ പകരണമെങ്കിൽ, സഭയെ ജീവനുള്ള ദൈവത്തിന്റെ ഭവനമാക്കുവാൻ അവൻ ജീവനുള്ളവനായിരിക്കണം—1 തിമൊ. 3:15.

| | |
|---|---|
| 1 തിമൊ. 3:15 | എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു. |

O. ക്രിസ്തു വിശുദ്ധനും സത്യവാനും ആണ് (വെളി. 3:7); സഹോദരസ്നേഹമുള്ള സഭയ്ക്ക്, കർത്താവ് വിശുദ്ധനും സത്യവാനും ആണ്, അവനാലും അവനോടുകൂടെയും പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് ലോകത്തിൽനിന്ന് വേർപെട്ട്, വിശുദ്ധവും, ദൈവത്തോട് സത്യവാനും വിശ്വസ്തനും ആയിരിക്കുവാൻ കഴിയും.

| | |
|---|---|
| വെളി. 3:7 | ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും, |

സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും, ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നു:

P. ക്രിസ്തു ആമേനും വിശ്വസ്തനും സത്യവാനുമായ സാക്ഷിയുമാണ്—വാ. 14:

വെളി. 3:14 ലവൊദിക്യയിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവസൃഷ്ടിയുടെ ആരംഭമായ, വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ, ആമേൻ അരുളിച്ചെയ്യുന്നു:

1. ബാബേലിലെ ആശയക്കുഴപ്പം സാർവത്രിക ഭാഷയെ നശിപ്പിച്ചു, പക്ഷേ രണ്ട് വാക്കുകൾ നശിപ്പിക്കപ്പെട്ടില്ല, *ഹല്ലേലൂയ്യയും ആമേനും; ആമേൻ* എന്നതിന്റെ അർഥം "അങ്ങനെതന്നെ" എന്നാണ്.
2. ആമേൻ എന്നത് ഒരുതരം നിത്യമായ ഉറപ്പ് ആണ്; "അങ്ങനെതന്നെ" എന്നത് ക്രിസ്തു താൻതന്നെയാണ്; ക്രിസ്തുവിന് ഒരു പേരുണ്ട്, അവന്റെ പേര് ആമേൻ എന്നാണ് വിളിക്കപ്പെടുന്നത്—അങ്ങനെതന്നെ!—ഇത് ജീവപകർച്ചയ്ക്കുവേണ്ടിയാണ്.
3. ക്രിസ്തു ആമേൻ ആയതിനാൽ ("ഉറപ്പുള്ളവൻ," "സ്ഥിരതയുള്ളവൻ," അല്ലെങ്കിൽ "വിശ്വാസയയോഗ്യൻ" എന്നർഥം), അവൻ ദൈവത്തിന്റെ സാക്ഷിയെന്ന നിലയിൽ വിശ്വസ്തനും സത്യവാനും ആണ്.

Q. അങ്ങനെയുള്ള ക്രിസ്തു ശുശ്രൂഷിക്കപ്പെടുന്നതിലൂടെ, ദൈവമക്കൾ നിത്യജീവൻ ഉണ്ടായിരിക്കുവാനും (യോഹ. 3:16), കർത്താവിൽ വസിച്ചുകൊണ്ടും വെളിച്ചത്തിൽ നടന്നുകൊണ്ടും നിത്യജീവന്റെ കൂട്ടായ്മയിൽ പങ്കുകൊള്ളുവാനും (1 യോഹ. 1:3-7; 2:6), അഭിഷേകത്താൽ ഉപദേശം ലഭിപ്പാനും (വാ. 20, 27), ദിവ്യ വിത്തോടുകൂടിയ ദിവ്യജനനത്തിന്റെ ഗുണങ്ങൾ ആസ്വദിക്കുവാനും (3:9; 2:29; 4:7; 5:1, 4, 16-21), ത്രിയേക ദൈവത്തിന്റെ ആവിഷ്കാരമെന്ന നിലയിൽ നിലവിളക്കുകളായ യേശുവിന്റെ സാക്ഷ്യമാകുവാനും (വെളി. 1:9-12, 20), ജീവന്റെ ആവിഷ്കാരമെന്ന നിലയിൽ ആദ്യഫലത്തോടുകൂടിയ വിളവെടുപ്പാകുവാനും (14:1-5, 15-16), കുഞ്ഞാടിന്റെ വർദ്ധനവും സംതൃപ്തിയും എന്ന നിലയിൽ അവന്റെ മണവാട്ടിയാകുവാനും (യോഹന്നാൻ 3:29-30; വെളി. 19:7-9) ഉളവാക്കപ്പെട്ടിരിക്കുന്നു.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:4 ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ

ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 2:6 അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ താൻതന്നെ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.

1 യോഹ. 2:20 വിശുദ്ധനായവനിൽനിന്ന് നിങ്ങൾക്ക് അഭിഷേചനം ഉണ്ടല്ലോ, നിങ്ങൾ എല്ലാവരും അറിയുകയും ചെയ്യുന്നു.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1 യോഹ. 3:9 ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും, അവന്റെ വിത്ത് അവനിൽ വസിക്കുന്നതുകൊണ്ട്, പാപം അഭ്യസിക്കുന്നില്ല; അവൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് പാപം ചെയ്യുവാൻ കഴിയുന്നതുമില്ല.

1 യോഹ. 2:29 അവൻ നീതിമാൻ എന്നു നിങ്ങൾ അറിയുന്നുവെങ്കിൽ, നീതി അഭ്യസിക്കുന്ന ഏവനും അവനിൽനിന്ന് ജനിച്ചിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നു.

1 യോഹ. 4:7 പ്രിയരേ, നാം അന്യോന്യം സ്നേഹിക്കുക, സ്നേഹം ദൈവത്തിൽ നിന്നല്ലോ, സ്നേഹിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു ദൈവത്തെ അറിയുകയും ചെയ്യുന്നു.

1 യോഹ. 5:1 യേശു തന്നെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു, ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽ നിന്ന് ജനിച്ചവനെയും സ്നേഹിക്കുന്നു.

1 യോഹ. 5:4 ദൈവത്തിൽനിന്ന്, ജനിച്ചിരിക്കുന്നതെല്ലാം ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസംതന്നെ.

1 യോഹ. 5:16 ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല.

1 യോഹ. 5:17 സകല അനീതിയും പാപം ആകുന്നു, മരണത്തിനല്ലാത്ത പാപവും ഉണ്ട്.

1 യോഹ. 5:18 ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു, ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവൻ തന്നെത്താൻ കാക്കുന്നു, ദുഷ്ടൻ അവനെ തൊടുന്നതുമില്ല.

1 യോഹ. 5:19 നാം ദൈവത്തിൽനിന്നുള്ളവരെന്നും സർവലോകവും

ദുഷ്ടനിൽ കിടക്കുന്നു എന്നും നാം അറിയുന്നു.

| | |
|---|---|
| 1 യോഹ. 5:20 | ദൈവപുത്രൻ വരുകയും നാം, സത്യവാനെ അറിയേണ്ടതിന് നമുക്ക് വിവേകം തരുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ; നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. ഇത് സത്യദൈവവും നിത്യജീവനും ആകുന്നു. |
| 1 യോഹ. 5:21 | കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്ന് നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊള്ളുവിൻ. |
| വെളി. 1:9 | നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു. |
| വെളി. 1:10 | കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു, |
| വെളി. 1:11 | അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക. |
| വെളി. 1:12 | എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും, |
| വെളി. 1:20 | എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു. |
| വെളി. 14:1 | ഇതാ, സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്ന നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നതു ഞാൻ കണ്ടു. |
| വെളി. 14:2 | പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും വലിയ ഇടിമുഴക്കംപോലെയും സ്വർഗത്തിൽ നിന്നൊരു ഘോഷം ഞാൻ കേട്ടു; ഞാൻ കേട്ട ഘോഷമോ കിന്നരവായനക്കാർ തങ്ങളുടെ കിന്നരങ്ങൾ വായിക്കുന്നതുപോലെ ആയിരുന്നു. |
| വെളി. 14:3 | അവർ സിംഹാസനത്തിനു മുമ്പാകെയും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെയും ഒരു പുതിയ പാട്ടു പാടുന്നു; ഭൂമിയിൽനിന്ന് വിലയ്ക്കു വാങ്ങപ്പെട്ട നൂറ്റിനാൽപത്തിനാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ടു പഠിക്കുവാൻ കഴിഞ്ഞില്ല. |
| വെളി. 14:4 | അവർ കന്യകമാരായതിനാൽ സ്ത്രീകളോടുകൂടെ മലിനപ്പെടാത്തവർ. അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു. |
| വെളി. 14:5 | അവരുടെ വായിൽ കളവൊന്നും കണ്ടെത്തിയില്ല; അവർ കളങ്കമില്ലാത്തവരാകുന്നു. |
| വെളി. 14:15 | പിന്നെ മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്ന് പുറത്തുവന്നു, |

| | |
|---|---|
| | മേഘത്തിന്മേൽ ഇരിക്കുന്നവനോട്, നിന്റെ അരിവാൾ അയച്ചു കൊയ്യുക, ഭൂമിയിലെ കൊയ്ത്തു വിളഞ്ഞുണങ്ങിയിരിക്കുന്നതിനാൽ കൊയ്യുവാനുള്ള നാഴിക വന്നിരിക്കുന്നു എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. |
| വെളി. 14:16 | മേഘത്തിന്മേൽ ഇരിക്കുന്നവൻ തന്റെ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിൽ കൊയ്ത്തു നടന്നു. |
| യോഹ. 3:29 | മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; എന്നാൽ നിന്നു മണവാളനെ കേൾക്കുന്നവനായ അവന്റെ സ്നേഹിതൻ, മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്താൽ ആനന്ദിക്കുന്നു. അതുകൊണ്ട് എന്റെ ഈ സന്തോഷം പൂർണമായിരിക്കുന്നു. |
| യോഹ. 3:30 | അവൻ വർധിക്കണം, ഞാനോ കുറയേണം. |
| വെളി. 19:7 | നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. |
| വെളി. 19:8 | അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു. |
| വെളി. 19:9 | അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു. |

R. ഒടുവിൽ, തന്റെ വീണ്ടെടുക്കപ്പെട്ടവരും, വീണ്ടും ജനിച്ചവരും, രൂപാന്തരപ്പെട്ടവരും, തേജസ്കരിക്കപ്പെട്ടവരുമായ ത്രിഭാഗീയ ജനത്തോടുകൂടെ ത്രിയേക ദൈവം പറ്റിച്ചേരുകയും, ഇഴുകിച്ചേരുകയും, സംയോജിപ്പിക്കപ്പെടുകയും ചെയ്യുന്നത്, മനുഷ്യനിലേക്കുള്ള ത്രിയേക ദൈവത്തിന്റെ പകർച്ചയുടെ ആത്യന്തിക പരിണതിയെന്ന നിലയിൽ പുതിയ യെരൂശലേം ആയിത്തീരും—21:2-3, 9-10, 22-23; 22:1-2.

| | |
|---|---|
| വെളി. 21:2 | പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു. |
| വെളി. 21:3 | സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും. |
| വെളി. 21:9 | ഒടുക്കത്തെ ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, ഇവിടെ വരിക; കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു. |
| വെളി. 21:10 | അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു. |

| | |
|---|---|
| വെളി. 21:22 | അതിൽ ഞാൻ ആലയം കണ്ടില്ല, സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ ആലയം ആകുന്നു. |
| വെളി. 21:23 | നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |
| വെളി. 22:2 | നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു. |

## ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:

### യോഹന്നാന്റെ ശുശ്രൂഷയിൽ ദൈവത്തിന്റെ പകർച്ച

യോഹന്നാന്റെ എഴുത്തുകളുടെ വിഷയം, ത്രിയേക ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് തന്നെത്തന്നെ പകരുന്നു എന്നതാണ്, അവരെയെല്ലാം നിത്യതയിലുടനീളം പൂർണ്ണമായി അവനെ ആവിഷ്കരിക്കുന്നതിനായി ദിവ്യരാക്കുന്നു. ഇതാണ് യോഹന്നാന്റെ എല്ലാ രചനകളുടെയും കേന്ദ്ര സന്ദേശം. മുഴുവൻ പ്രപഞ്ചത്തിലുമുള്ള ദിവ്യ യാഥാർഥ്യം യോഹന്നാന്റെ രചനകളിൽ വെളിപ്പെടുത്തിയിരിക്കുന്നു. യോഹന്നാന്റെ എഴുത്തുകളുടെ വിഷയം മുഴുവൻ പ്രപഞ്ചത്തിന്റെയും യാഥാർഥ്യവും, കേന്ദ്രവും, ഉള്ളടക്കവുമാണ്, അത് ത്രിയേക ദൈവത്തെ പൂർണമായും നിത്യതയോളവും ആവിഷ്കരിക്കുവാൻ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ദിവ്യരാക്കുവാൻ അവരുടെ ജീവനും ജീവസഹായവുമായി അവനെത്തന്നെ അവരിലേക്ക് പകരുവാൻ അവൻ—പിതാവും, പുത്രനും, ആത്മാവും—ആഗ്രഹിക്കുന്നു എന്നാണ്. നമ്മുടെ യാഥാർഥ്യവും, കേന്ദ്രവും, ഉള്ളടക്കവും ഇതായിരിക്കണം. (*The Collected Works of Witness Lee,* 1983, *vol.* 2, *"The Divine Dispensing of the Divine Trinity," p.* 237)

### യോഹന്നാൻ 14:6-24

ദിവ്യ നീക്കത്തിലും നമ്മുടെ അനുഭവത്തിലുമുള്ള ദിവ്യ ത്രിത്വം യോഹന്നാൻ 14:6-24-ലും വെളിപ്പെടുത്തിയിരിക്കുന്നു. 6-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു, "വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല." വിശ്വാസികൾ പുത്രനിലൂടെ പിതാവിന്റെ അടുക്കൽ വരുന്നതായി ഈ വാക്യം കാണിക്കുന്നു—പിതാവ് വിശ്വാസികളുടെ ലക്ഷ്യമാണ്. യോഹന്നാൻ 14—16, ഭൂമിയിലായിരുന്നപ്പോൾ കർത്താവ് തന്റെ ശിഷ്യന്മാരുമായി നടത്തിയ അവസാന സംഭാഷണം രേഖപ്പെടുത്തുന്നു. അവരോടുള്ള അവസാനത്തെ

സംഭാഷണത്തിൽ, എല്ലാ വിശ്വാസികളും പിതാവിനെ അന്വേഷിക്കണമെന്ന് അവൻ സൂചിപ്പിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവർ പിതാവിനെ അവരുടെ ലക്ഷ്യമായി എടുക്കണം. നമ്മുടെ ലക്ഷ്യമായി നാം പിതാവിന്റെ അടുക്കൽ എത്തണമെങ്കിൽ, വഴിയായ പുത്രനിലൂടെ നാം അവനിൽ എത്തിച്ചേരണം.

7 മുതൽ 14 വരെയുള്ള വാക്യങ്ങൾ വിശ്വാസികൾക്കിടയിൽ കാണപ്പെടുന്ന പുത്രനിൽ ദേഹരൂപമായ പിതാവിനെ കാണിക്കുന്നു—പുത്രൻ വിശ്വാസികൾക്കിടയിൽ പിതാവിന്റെ ദേഹരൂപമാകുന്നു. ഈ വാക്യങ്ങളിൽ കർത്താവ് പിതാവിലും പിതാവ് അവനിലും ആണെന്ന് നമുക്ക് കാണിച്ചുതന്നു. പുത്രനും പിതാവും ഒന്നാണ്. അവർ പരസ്പരം ഉൾവസിക്കുന്നു. പുത്രൻ പിതാവിലും പിതാവ് പുത്രനിലും വസിക്കുന്നു. ഈ വിധത്തിൽ പുത്രൻ വിശ്വാസികൾക്കിടയിൽ പിതാവിന്റെ ദേഹരൂപമായിരുന്നു.

15 മുതൽ 20 വരെയുള്ള വാക്യങ്ങൾ ആത്മാവായി സാക്ഷാൽക്കരിക്കപ്പെട്ട പുത്രൻ വിശ്വാസികളിൽ വസിക്കുന്നതായി നമുക്ക് കാണിച്ചുതരുന്നു—വിശ്വാസികളിൽ വസിക്കുന്ന പുത്രന്റെ സാക്ഷാൽക്കാരമാണ് ആത്മാവ്. പിതാവ് പുത്രനിൽ ദേഹരൂപം ചെയ്യുന്നു, പുത്രൻ ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുന്നു. പിതാവിന്റെ സാക്ഷാൽക്കാരമെന്ന നിലയിൽ പുത്രൻ വിശ്വാസികൾക്കിടയിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ, എന്നാൽ പുത്രന്റെ സാക്ഷാൽക്കാരമെന്ന നിലയിൽ ആത്മാവ് ഇപ്പോൾ വിശ്വാസികളുടെ ഉള്ളിൽ വസിക്കുന്നു. പിതാവ് ലക്ഷ്യമാണ്, പുത്രൻ പിതാവിന്റെ ദേഹരൂപമാണ്, ആത്മാവ് പുത്രന്റെ സാക്ഷാൽക്കാരമാണ്. പിതാവിന്റെ ദേഹരൂപമായ പുത്രൻ ഇപ്പോഴും നമുക്ക് വെളിയയിലാണ്. വിശ്വാസികളിൽ വസിക്കാൻ കഴിയുന്നതിന് അവൻ ആത്മാവാകേണ്ടതുണ്ട്. നമ്മിൽ വസിക്കുന്ന പുത്രന്റെ സാക്ഷാൽക്കാരമായി ആത്മാവ് നമുക്കുള്ളതിനാൽ, നമുക്ക് പിതാവിന്റെ സാക്ഷാൽക്കാരവും ലക്ഷ്യമായ പിതാവും നമുക്കുണ്ട്. യഥാർത്ഥത്തിൽ, നമ്മുടെ ലക്ഷ്യമായി പിതാവ് നമ്മിൽ ഉണ്ട്, കാരണം ലക്ഷ്യം പുത്രനിൽ ദേഹരൂപം ചെയ്യുന്നു, പുത്രൻ നമ്മിൽ വസിക്കുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുന്നു. നമുക്ക് ആത്മാവുണ്ടെങ്കിൽ, നമുക്ക് പുത്രനുണ്ട്, നമുക്ക് പുത്രനുണ്ടെങ്കിൽ, നമുക്ക് പിതാവുമുണ്ട്. അങ്ങനെ, ദിവ്യ ത്രിത്വത്തിലെ മൂവരും നമ്മിലുണ്ട്.

ലക്ഷ്യമായ പിതാവും, ദേഹൂപമായ പുത്രനും, സാക്ഷാൽക്കാരമായ ആത്മാവും നാം ആകുന്ന പാത്രത്തിലാണ്. പാത്രമെന്ന നിലയിൽ, നാം സാക്ഷാൽക്കാരത്തെ ഉൾക്കൊള്ളുന്നു. സാക്ഷാൽക്കാരത്തിനുള്ളിൽ ദേഹരൂപമുണ്ട്, ദേഹരൂപത്തിനുള്ളിൽ ലക്ഷ്യമുണ്ട്. ലക്ഷ്യവും, ദേഹരൂപവും, സാക്ഷാൽക്കാരവും, മൺപാത്രങ്ങളായ നമ്മിലെ ശ്രേഷ്ഠ നിധിയാണ് (2 കൊരി. 4:7). മൺപാത്രങ്ങൾ എന്ന നിലയിൽ, മൂന്ന് വശങ്ങളിൽ ശ്രേഷ്ഠനായ ദൈവം നമ്മിൽ ഉള്ളടങ്ങുന്നു.

യോഹന്നാൻ 14-ലെ 21-ഉം 23-ഉം വാക്യങ്ങളിൽ പുത്രൻ തന്നെ സ്നേഹിക്കുന്നവനു മുന്നിൽ തന്നെത്തന്നെ വെളിവാക്കുന്നതും പിതാവ് അവനോടൊപ്പം പുത്രനെ സ്നേഹിക്കുന്നവനോടൊപ്പം ഒരു വാസസ്ഥലം ഒരുക്കുന്നതിനായി വരുന്നതും കാണിക്കുന്നു. ആത്മാവ് നമ്മിൽ വസിച്ചതിനുശേഷം, പുത്രൻ തന്നെ സ്നേഹിക്കുന്നവന് അവനെത്തന്നെ വെളിവാക്കും. യേശു ക്രിസ്തുവിന്റെ ഒരു വിശ്വാസിയാകുവാനും എന്നാൽ അവനെ സ്നേഹിക്കുന്നവനാതിരിക്കുവാനും സാധ്യമാണ്. നാം അവനിൽ വിശ്വസിക്കുമ്പോൾ, ദിവ്യ ത്രിത്വത്തിലെ മൂവരും നമ്മിൽ വസിക്കുവാൻന വരുന്നു. എന്നാൽ നാം അവനിൽ വിശ്വസിക്കുകയും അവൻ നമ്മിൽ വസിക്കുന്നുണ്ടെന്ന് അറിയുകയും ചെയ്തശേഷം, നാം അവനെ സ്നേഹിക്കേണ്ടതുണ്ട്. 21-ഉം 23-ഉം വാക്യങ്ങളിൽ അവനോടുള്ള നമ്മുടെ സ്നേഹത്തിനായുള്ള അഭ്യർഥന നാം കാണുന്നു. നാം ക്രിസ്തുവിന്റെ വിശ്വാസികളായിരിക്കാം, എന്നാൽ നമ്മിൽ എത്ര പേർ യേശുവിനെ സ്നേഹിക്കുന്നു? ലക്ഷ്യമായ പിതാവ് ദേഹരൂപമായ യേശുവിലാണ്, ഈ ദേഹരൂപം അവന്റെ സാക്ഷാൽക്കാരമായ ആത്മാവിലാണ്, ഈ സാക്ഷാൽക്കാരം ഇപ്പോൾ നമ്മിൽ എല്ലാവരിലും വസിക്കുന്ന സാക്ഷാൽ ആത്മാവാണ്. എന്നാൽ കർത്താവായ യേശുവിന്റെ പ്രത്യക്ഷത നാം ദിവസംതോറും മണിക്കൂറുതോറും ആസ്വദിക്കുന്നുണ്ടോ എന്ന് നാം ചോദിക്കേണ്ടതുണ്ട്.

രാവിലെ നമുക്ക് കർത്താവിനോടൊപ്പം അവന്റെ പ്രത്യക്ഷത ആസ്വദിക്കാൻ സമയം ഉണ്ടായിരിക്കാം, പക്ഷേ പിന്നീട് നമ്മുടെ പങ്കാളിയിൽ നാം അസന്തുഷ്ടരാകുകയും നമ്മോടുള്ള കർത്താവിന്റെ പ്രത്യക്ഷത നഷ്ടപ്പെടുകയും ചെയ്തേക്കാം. എന്നിരുന്നാലും, ഇതിനർഥം നമ്മുടെ ഉള്ളിലെ ആത്മാവിന്റെ വാസം നഷ്ടമായി എന്നല്ല. ചില ക്രിസ്ത്യാനികൾ യേശുവിന്റെ പ്രത്യക്ഷത നഷ്ടപ്പെടുമ്പോൾ, അവർക്ക് രക്ഷ നഷ്ടപ്പെട്ടുവെന്ന് കരുതുന്നു, പക്ഷേ ഇത് ശരിയല്ല, കാരണം ആത്മാവ് എപ്പോഴും വിശ്വാസികളിൽ വസിക്കുന്നു. തങ്ങളുടെ രക്ഷ നഷ്ടമാകാമെന്ന് വിശ്വസിക്കുന്നവർ യഥാർഥത്തിൽ "ലിഫ്റ്റ് രക്ഷ"യിൽ വിശ്വസിക്കുന്നു. "ലിഫ്റ്റ്" മുകളിലായിരിക്കുമ്പോൾ, അവർ രക്ഷിക്കപ്പെടുന്നു. അത് താഴെയായിരിക്കുമ്പോൾ, അവർ രക്ഷിക്കപ്പെടുന്നില്ല. എന്നിരുന്നാലും, നമ്മുടെ രക്ഷ ഒരു ലിഫ്റ്റല്ല, മറിച്ച് ഒരു "പടിക്കെട്ട്"ആണ്, അതിൽനിന്ന് നമ്മെ ഒരിക്കലും നീക്കം ചെയ്യാൻ കഴിയില്ല. നമ്മൾ ഈ പടിക്കെട്ടിലാണെങ്കിലും, അതിന്റെ മുകൾ ഭാഗത്തിന്റെ അനുഗ്രഹം ആസ്വദിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു. "ബേസ്മെന്റിൽ" അല്ല, "മുകളിലെ നില"യിലായിരിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നമ്മൾ കർത്താവായ യേശുവിനെ സ്നേഹിക്കുകയും "കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് പറയുകയും ചെയ്യേണ്ടത്. നാം അവനെ സ്നേഹിക്കുമ്പോൾ, നമ്മെ മുകളിലത്തെ നിലയിലേക്ക് കൊണ്ടുവരുന്നു. അപ്പോൾ നമുക്ക് സ്വർഗത്തിലുള്ളതെല്ലാം കാണാൻ കഴിയും. നാം അവനെ

സ്നേഹിക്കുന്നില്ലെങ്കിൽ, വളരെ കുറച്ച് മാത്രമേ കാണാൻ കഴിയുന്ന പടിക്കെട്ടിന്റെ താഴെയാണ് നമ്മൾ. എന്നാൽ ഇതിനർഥം നമുക്ക് നമ്മുടെ രക്ഷ നഷ്ടമായി എന്നല്ല. നാം ഇപ്പോഴും അവന്റെ രക്ഷയുടെ പടിക്കെട്ടിലാണ്.

നാം അവനെ സ്നേഹിക്കുമ്പോൾ, അവന്റെ ആത്മാവ് നമ്മിൽ വസിക്കുക മാത്രമല്ല, അവൻ തന്നെത്തന്നെ നമുക്ക് വെളിവാക്കുകയും ചെയ്യും. ഇതിനർഥം അവനുമായുള്ള നമ്മുടെ കൂട്ടായ്മയിൽ നാം സ്നേഹിക്കുന്നവന്റെ സാന്നിധ്യം നമുക്കുണ്ടെന്നാണ്. നാം യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ, യേശു നമ്മെ സ്നേഹിക്കുന്നു, പിതാവും നമ്മെ സ്നേഹിക്കുന്നു. പുത്രൻ നമുക്ക് തന്നെ വെളിവാക്കുമ്പോൾ, പിതാവ് നമ്മോടൊപ്പം ഒരു വാസസ്ഥലം ഒരുക്കാൻ, നമ്മോടൊപ്പം താമസിക്കാൻ പുത്രനോടൊപ്പം വരുന്നു. പിതാവും പുത്രനും നമ്മോടുകൂടെ ഒരു വാസസ്ഥലം ഉണ്ടാക്കേണ്ടതിന്, നമ്മോടുള്ള പുത്രന്റെ പ്രത്യക്ഷതയിലേക്ക് നാം അത്യധികമായി കൊണ്ടുവരപ്പെടേണ്ടതുണ്ട്. അവനെ സ്നേഹിച്ചുകൊണ്ട് നാം കർത്താവിന്റെ രക്ഷയുടെ പടിക്കെട്ടിൽ മേലോട്ട് കയറേണ്ടതുണ്ട്. അപ്പോൾ അവൻ നമുക്ക് അവനെത്തന്നെ വെളിവാക്കുകയും, നമ്മുടെ ആസ്വാദനത്തിനായി പിതാവും പുത്രനും നമ്മോടൊപ്പം അവരുടെ വാസസ്ഥലം ഒരുക്കുകയും ചെയ്യും.

## യോഹന്നാൻ 14:26

യോഹന്നാൻ 14:26-ൽ പിതാവ് പുത്രന്റെ നാമത്തിൽ കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ അയയ്ക്കുന്നത് നാം കാണുന്നു. ഇനി പുത്രന്റെ നാമത്തിൽ എന്താണെന്നോ ആരാണെന്നോ നാം ചോദിക്കേണ്ടതുണ്ട്. *പുത്രന്റെ നാമത്തിൽ* എന്ന ഈ വിശേഷകം പിതാവിന്റെ അയയ്ക്കലിനെ ആണോ വിശേഷിപ്പിക്കുന്നത്, അതോ അയക്കപെടുന്നവനെയാണോ വിശേഷിപ്പിക്കുന്നത്? അത് അയക്കപ്പെട്ടവനെയല്ല, അയച്ചവനെയാണ് വിശേഷിപ്പിക്കുന്നത്. പിതാവ് പുത്രന്റെ നാമത്തിൽ ആത്മാവിനെ അയച്ചു. അയച്ചവൻ പിതാവാണ്, എന്നാൽ പിതാവ് പുത്രന്റെ നാമത്തിൽ അയച്ചു. ഇത് അയച്ചവനായ പിതാവിനെ, പുത്രനോടൊപ്പം ഒന്നാക്കുന്നു. അങ്ങനെ, പുത്രനെന്ന നിലയിൽ പിതാവ് ആത്മാവിനെ അയച്ചു. യോഹന്നാൻ 14:26 ആത്മാവിനെ അയയ്ക്കുന്നതിൽ പിതാവിനെയും പുത്രനെയും ഒന്നാക്കുന്നു. പിതാവ് പുത്രന്റെ നാമത്തിലുള്ളതിനാൽ പുത്രൻ പിതാവാണ്.

## യോഹന്നാൻ 15:26

യോഹന്നാൻ 15:26 വെളിപ്പെടുത്തുന്നത് പുത്രൻ പിതാവിൽനിന്നും കൂടെയും പുറപ്പെടുന്ന യാഥാർഥ്യത്തിന്റെ ആത്മാവിനെ പിതാവിൽനിന്നും കൂടെയും അയയ്ക്കുന്നു എന്നാണ്. പ്രത്യുദ്ധാര ഭാഷ്യത്തിൽ "നിന്ന്" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവന ഉപസർഗമായ *പാര* അക്ഷരാഥത്തിൽ "കൂടെ നിന്ന്" എന്നാണ്. പുത്രൻ പിതാവിൽ നിന്നും പിതാവിനോടുകൂടെയും ആത്മാവിനെ അയച്ചു. അങ്ങനെ, പുത്രൻ പിതാവിനെയും ആത്മാവിനെയും

അയച്ചു. ആത്മാവ് അയയ്ക്കപ്പെട്ടപ്പോൾ, പിതാവും അയയ്ക്കപ്പെട്ടു, കാരണം ആത്മാവ് പിതാവിനൊപ്പം അയയ്ക്കപ്പെട്ടു.

യോഹന്നാൻ 14:26 പറയുന്നത് അയച്ചവൻ പിതാവാണെന്നാണ്, അതേസമയം 15:26 പറയുന്നത് അയച്ചവ പുത്രനാണെന്നാണ്. ഈ രണ്ട് വാക്യങ്ങളും താരതമ്യം ചെയ്യുമ്പോൾ, ത്രിയേക ദൈവത്തിന്റെ മർമം നമുക്ക് കാണാൻ കഴിയും. ശരിയായ ബൈബിൾ ദൈവശാസ്ത്രമനുസരിച്ച്, ദിവ്യ ത്രിത്വത്തിലെ മൂവരും വ്യതിരിക്തരാണ്, എന്നാൽ വ്യത്യസ്തരല്ല. പുത്രൻ പിതാവിനോട് പ്രാർഥിക്കുമ്പോൾ, പിതാവ് അവനിലും അവൻ പിതാവിലുമാണെന്നും അവൻ പ്രഖ്യാപിക്കുന്നു (14:10). ദൈവത്വത്തിലെ മൂവരും സംയോജിക്കുന്നു. സംയോജിക്കുക എന്നാൽ പരസ്പരം ഉൾവസിക്കുക എന്നാണ്. ദൈവത്വത്തിൽ മൂവരും സംയോജിക്കുന്നു; അതായത്, അവർ പരസ്പരം ഉൾവസിക്കുന്നു. അവർ മൂവരാണെങ്കിലും അവർ അപ്പോഴും ഒന്നാണ്. ഇതൊരു മർമമാണ്.

പഴയനിയമത്തിൽ, പുറപ്പാടിലും സെഖര്യാവിലും, നിലവിളക്കെന്ന മുൻകുറിയുണ്ട്. ഏഴ് വിളക്കുകളുള്ള ഒരു നിലവിളക്കുണ്ട്. വിളക്കതണ്ട് ഒന്നാണ്, വിളക്കുകൾ ഏഴാണ്. അത് ഒരു വിളക്കുതണ്ടാണെങ്കിലും, ഏഴ് വിളക്കുകൾ ഉണ്ട്. നമ്മുടെ ത്രിയേക ദൈവം ഒരു ദൈവമാണെങ്കിലും, അവൻ തന്റെ ദൈവത്വത്തിൽ മൂന്നാണ്. പിതാവും പുത്രനും ആത്മാവും വ്യതിരിക്തരാണ് എന്നാൽ വ്യത്യസ്തരല്ല. ദൈവത്വത്തിൽ വ്യതിരിക്ത മാത്രമേയുള്ളൂ, എന്നാൽ വ്യത്യസ്തയില്ല. ദൈവത്വത്തിലെ മൂവരും വ്യത്യസ്തരല്ല, കാരണം അവർ പരസ്പരം ഉൾവസിക്കുന്നു. അവരെ വേർതിരിക്കാൻ കഴിയില്ല, പക്ഷേ അവർ വ്യതിരിക്തരാണ്, കാരണം അവർ പിതാവും പുത്രനും ആത്മാവുമാണ്. നമ്മുടെ ദൈവം ഒരുവനിൽ മൂവരാണ്. തന്റെ ദിവ്യ ത്രിത്വത്തിലുള്ള മാർമികനായ നമ്മുടെ ത്രിയേക ദൈവത്തെ സംബന്ധിച്ച് നമുക്ക് ഒരു വെളിപാട് ആവശ്യമാണ്.

## യോഹന്നാൻ 16:13-15

വിശ്വാസികളിലേക്കുള്ള ദിവ്യ ത്രിത്വത്തിന്റെ ദിവ്യ സംപ്രേഷണം യോഹന്നാൻ 16:13-15-ൽ വെളിപ്പെടുത്തിയിരിക്കുന്നു. ഈ സംപ്രേഷണം വൈദ്യുത പ്രവാഹത്തിന്റെ സംപ്രേഷണം പോലെയാണ്. വൈദ്യുതി ഓണാക്കുമ്പോൾ, ഒരു വൈദ്യുതി പ്രവാഹം, ഒരു വൈദ്യുതി ചലനം ഉണ്ടാകുന്നു, ആ ചലനം ഒരു സംപ്രേഷണമാണ്. ഒന്നാമതായി, പിതാവിനുള്ളതെല്ലാം പുത്രന്റേതാണ് (വാ. 15). ഇതിനർഥം പിതാവിനുള്ളത് പുത്രനിലേക്ക് സംപ്രേഷണം ചെയ്തിരിക്കുന്നു എന്നാണ്. രണ്ടാമതായി, പുത്രനുള്ളതെല്ലാം ആത്മാവിനാൽ സ്വീകരിക്കപ്പെടുന്നു (വാ. 14). ഈ സംപ്രേഷണത്തിന്റെ അടുത്ത പടിയാണിത്. പിതാവ് പുത്രനിലേക്ക് സംപ്രേഷണം ചെയ്യുന്നു, തുടർന്ന് പുത്രനിൽനിന്ന് ആത്മാവിലേക്കി ഒരു സംപ്രേഷണമുണ്ട്. മൂന്നാമതായി, ആത്മാവിന് പുത്രനിൽ നിന്ന് ലഭിച്ചതെല്ലാം വിശ്വാസികൾക്ക് പ്രഖ്യാപിക്കുന്നു (വാ. 13, 15). ഒടുവിൽ, ത്രിത്വം

അവനായിരിക്കുന്നതും, അവനുള്ളതും എല്ലാം നമ്മുടേതാകുന്നു. ഗീതം #501-ന്റെ മൂന്നാം ചരണം ഈ പ്രസരണത്തെക്കുറിച്ച് സംസാരിക്കുന്നു:

"താതന്റേതെല്ലാം നിന്റേതാം;
ആത്മാവിൽ അതെൻ വകയാം;
നിന്നെ ഞാനനുഭവിക്കാൻ,
യഥാർഥമാക്കുന്നാത്മാവ്.

പിതാവിനുള്ളതെല്ലാം പുത്രന്റേതാണെന്നും, പുത്രനുള്ളതെല്ലാം ആത്മാവിനാൽ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്നും, തുടർന്ന് പുത്രനിൽ നിന്ന് തനിക്ക് ലഭിച്ചതെല്ലാം ആത്മാവ് നമുക്ക് പ്രഖ്യാപിക്കുന്നുവെന്നും ഈ വാക്യം നമ്മോട് പറയുന്നു. ഈ പ്രസരണം പിതാവിൽനിന്ന് പുത്രനിലേക്കും, പുത്രനിൽനിന്ന് ആത്മാവിലേക്കും, ആത്മാവിൽനിന്ന് നമ്മിലേക്കും ആണ്. ഇതാണ് ദിവ്യ ത്രിത്വത്തിന്റെ നീക്കം. (*The Collected Works of Witness Lee,* 1988*, vol.* 1*,* "*Living in and with the Divine Trinity," pp.* 303-306)